നം.ഇ.എക്സ്.എ3/42117/2026/സിജിഇ. പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം, തീയതി: 22/08/2026.

# <u>സർക്കുലർ</u>

വിഷയം:- പൊ.വി. -കെ.ജി.റ്റി. (കോമേഴ്സ് ഗ്രൂപ്പ്) പരീക്ഷ മേയ് 2026 മാർക്കുകളുടെ റീ കൗണ്ടിംഗിന് അപേക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:-കെ.ജി.ടി (കൊമേഴ്സ് ഗ്രൂപ്പ്) പരീക്ഷ മേയ് 2026 നോട്ടിഫിക്കേഷൻ നമ്പർ: ഇ.എക്സ്/എച്ച്6/55700/2025/ സി.ജി.ഇ 13/02/2026..

........

സൂചന പ്രകാരം നടത്തിയ കെ.ജി.റ്റി (കോമേഴ്സ് ഗ്രൂപ്പ്) പരീക്ഷയുടെ ഫലം 22/08/2026 തീയതിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. തീയറി പേപ്പറുകൾക്ക് പരാജയപ്പെട്ട പരീക്ഷാർത്ഥികൾക്ക് ഓരോ പേപ്പറിനും 50/- രൂപ ക്രമത്തിൽ ട്രഷറി ചെലാൻ മുഖേന ഫീസ് ഒടുക്കി (Head of Account 0202-01-102-92-Other Receipts) മാർക്കുകളുടെ റീകൗണ്ടിംഗിന് നിശ്ചിത ഫാറത്തിൽ **സെക്രട്ടറി, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം-12** എന്ന വിലാസത്തിൽ അപേക്ഷിക്കാവുന്നതാണ്. അപേക്ഷ അയയ്ക്കുന്ന കവറിന് പുറത്ത് **'കെ.ജി.റ്റി.ഇ പരീക്ഷ മേയ് 2026 - റീകൗണ്ടിംഗിനുള്ള അപേക്ഷ'** എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. പരീക്ഷാ പേപ്പറിൽ ഉത്തരങ്ങൾക്ക് നൽകിയ മാർക്കുകൾ കൂട്ടിയതിലോ, എടുത്തെഴുതിയതിലോ ഉള്ള തെറ്റ്, ഏതെങ്കിലും ഉത്തരത്തിന് മാർക്ക് രേഖപ്പെടുത്താതെ വന്ന കാര്യം എന്നിവ മാത്രമേ റീകൗണ്ടിംഗിൽ പരിശോധിക്കുകയുള്ളൂ. ഉത്തരക്കടലാസുകൾ യാതൊരു കാരണവശാലും പുനർമൂല്യനിർണ്ണയത്തിന് വിധേയമാക്കുന്നതല്ല. അപേക്ഷകൾ **10/09/2026 വ്യാഴാഴ്ച വൈകുന്നേരം 5 മണിവരെ** പരീക്ഷാഭവനിൽ സ്വീകരിക്കുന്നതാണ്.

പരീക്ഷാ വിജ്ഞാപനത്തിൽ അനുബന്ധം (1) ആയി കാണിച്ചിരിക്കുന്ന നിർദ്ദിഷ്ട ഫാറത്തിൽ മാത്രമാണ് റീകൗണ്ടിംഗിന് വേണ്ടി അപേക്ഷ അയയ്ക്കേണ്ടത്. ഒന്നിൽ കൂടുതൽ വിഷയങ്ങൾക്ക് അപേക്ഷിക്കുന്നവർ

ഓരോ വിഷയത്തിനും വെവ്വേറെ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. റീകൗണ്ടിംഗിന് ആവശ്യപ്പെടുന്ന വിഷയങ്ങളുടെ പേര്, ഗ്രേഡ്, പേപ്പർ നമ്പർ എന്നിവ വ്യക്തമായി അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കണം.

മേൽ പറഞ്ഞ നിർദ്ദിഷ്ട ഫാറത്തിൽ ലഭിക്കാത്തതും, ഫീസ് ഒടുക്കാത്തതും, പൂർണ്ണമായി വിവരങ്ങൾ രേഖപ്പെടുത്താത്തതും, തെറ്റായ പരീക്ഷാവിവരങ്ങൾ രേഖപ്പെടുത്തിയതും, നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്തതുമായ അപേക്ഷകൾ മറ്റൊരു അറിയിപ്പു കൂടാതെ തന്നെ ഈ ഓഫീസ് നിരസിക്കുന്നതാണ്. റീകൗണ്ടിംഗിന്റെ ഫലം പരീക്ഷാഭവന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**സെക്രട്ടറി**

1. സിസ്റ്റംമാനേജർ (പരീക്ഷാഭവന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി.)
2. സൂപ്രണ്ട്, എച്ച് സെക്ഷൻ.
3. ഓഫീസ് കോപ്പി.